## പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 950** — **11.3.2015 ന് മറുപടിയ്ക്ക്**

### ഐ. ടി. ഐ. കൾ

**ചോദ്യം**

ശ്രീ.എം. ഹംസ :

(എ) സംസ്ഥാനത്തെ ഐ.ടി.ഐ. കളുടെ നവീകരണ ത്തിനായി 2012-13, 2013-14, 2014-15 എന്നീ വർഷങ്ങളിൽ എത്ര തുക ചെലവഴിച്ചു; എന്തെല്ലാം നവീകരണ പ്രവർത്തനങ്ങൾ നടത്തി എന്നിവ സംബന്ധിച്ച വിശദീകരണം നൽകാമോ;

(ബി) പുതിയ ഐ.ടി.ഐ.കൾ തുടങ്ങുവാൻ ആലോചിക്കുന്നുണ്ടോ;

(സി) സംസ്ഥാനത്ത് പുതുതായി ഐ.ടി.ഐ.കൾ തുടങ്ങുന്നതിന്റെ പരിഗണനാ പട്ടിക പ്രസിദ്ധീകരിക്കാമോ;

(ഡി) ഒറ്റപ്പാലത്തെ കരിമ്പുഴയിലെ നിർദ്ദിഷ്ട ഐ.ടി.ഐ.യിൽ ഏതെല്ലാം ട്രേഡുകൾ ആണ് അനുവദിച്ചിട്ടുള്ളത്; എന്നത്തേയ്ക്ക് ക്ലാസ് തുടങ്ങുവാൻ കഴിയും എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

**ഉത്തരം**

ശ്രീ. ഷിബു ബേബിജോൺ
(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ ഐ.ടി.ഐ. കളുടെ നവീകരണ ത്തിനായി 2012-13, 2013-14, 2014-15 എന്നീ സാമ്പത്തിക വർഷങ്ങളിലായി ഇതുവരെ 54.21 കോടി രൂപയാണ് "മോഡണൈസേഷൻ ഓഫ് ITIs" എന്ന പദ്ധതിക്കായി ചെലവഴിച്ചിട്ടുള്ളത്. ടി തുകയിൽ പരിശീലനാർത്ഥി കൾക്കാവശ്യമായതും, അഫിലിയേഷൻ നേടിയെടുക്കുന്ന തിനുമായുള്ള സാധന സാമഗ്രികളുടെ സംഭരണം, ഐ.ടി.ഐ. കൾക്കാവശ്യമായ കെട്ടിടങ്ങളുടെ നിർമ്മാണം, ഐ.ടി.ഐ. വർക്ക് ഷോപ്പുകളുടെ ഇലക്ട്രിഫിക്കേഷൻ, പഴയതും കാലഹരണപ്പെട്ടതുമായ ട്രേഡുകളുടെ നവീകരണം എന്നീ നവീകരണ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്.

*(ബി) & (സി)* ഇപ്പോൾ സർക്കാർ ഐ.ടി.ഐ.കൾ ഇല്ലാത്ത പ്രദേശത്ത്, ഐ.ടി.ഐ. തുടങ്ങുന്ന തിനാവശ്യമായ സ്ഥലം ബന്ധപ്പെട്ട പഞ്ചായത്ത്, വ്യാവസായിക പരിശീലന വകുപ്പിന് സൗജന്യമായി ലഭ്യമാക്കുകയാണെങ്കിൽ ടി പ്രദേശത്ത് പുതിയ ഐ.ടി.ഐ. ആരംഭിക്കുന്ന വിഷയം പരിഗണി ക്കാവുന്നതാണ്.

(ഡി) ഒറ്റപ്പാലത്തെ കരിമ്പുഴയിൽ ഇപ്പോൾ ഐ.ടി.ഐ. അനുവദിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ